ഉത്തരം

(എ&ബി) ചാലക്കുടിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 900 ലക്ഷം രൂപ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ട നിർദ്ദേശം ഹൈക്കോടതി രജിസ്ട്രാർ 1-12-2014-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

തീർപ്പാകാത്ത കോടതി കേസുകൾ

37 (T3668) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കോടതികൾ ഉൾപ്പെടെ സംസ്ഥാനത്തെ കോടതികളിൽ എത്ര കേസുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) കോടതികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 31-8-2014-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിൽ സിവിൽ വിഭാഗത്തിൽ 106412- ഉം ക്രിമിനൽ വിഭാഗത്തിൽ 34130 കേസ്സുകളും ജില്ലാ കോടതി ഉൾപ്പെടെയുള്ള സബോർഡിനേറ്റ് കോടതികളിൽ 30-9-2014 -ലെ കണക്ക് പ്രകാരം 424884 കേസുകൾ സിവിൽ വിഭാഗത്തിലും 970024 കേസുകൾ ക്രിമിനൽ വിഭാഗത്തിലും തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്.

(ബി) കീഴ്കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടികിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുമുണ്ട്. കേസുകൾ തീർപ്പാക്കുന്നതിനായി Spècial list system, unit system, target fixation എന്നീ രീതി നടപ്പാക്കി വരുന്നുമുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവത്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ എന്നിവ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താൽകാലിക ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടികിടക്കുന്ന

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേസുകൾ തീർപ്പാക്കുന്നതിലേക്കായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക ആക്രമണങ്ങൾ, അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസ്സുകൾ കേൾക്കുന്നതിനായും പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇവയ്ക്കെല്ലാം പുറമെ KELSA-യുടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നു.

(സി) 19-9-2014-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി)നമ്പർ 400/2014/ധന. പ്രകാരം 31-3-2015 മാർച്ച് വരെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അത്യാവശ്യ സന്ദർഭങ്ങളിൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാറുണ്ട്.

നെടുമങ്ങാട് MACT (Motor Accident Claims Tribunal) കോടതി

38 (3669) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കേന്ദ്രമായി പുതിയതായി MACT (Motor Accident Claims Tribunal) കോടതി തുടങ്ങുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എന്നാണ് നിർദ്ദേശം ലഭിച്ചത്; എന്തൊക്കെയാണ് നിർദ്ദേശങ്ങൾ ;

(സി) ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) മലയോര താലൂക്ക് ആസ്ഥാനമായ നെടുമങ്ങാട് കേന്ദ്രമായി ഒരു MACT കോടതി ഈ വർഷം തന്നെ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഇത് സംബന്ധിച്ച് 2-8-2014-ൽ ഹൈക്കോടതി രജിസ്ട്രാറിൽ നിന്നും തിരുവനന്തപുരം, നെടുമങ്ങാട് കേന്ദ്രമാക്കി MACT ആരംഭിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly